**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2762** **17-03-2022 - ല്‍ മറുപടിയ്ക്ക്**

**രജിസ്ട്രേഷന്‍ നടപടികള്‍ ഓണ്‍ലൈനില്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിന്‍ദേവ് | | null<br>(സഹകരണ- രജിസ്ട്രേഷന്‍ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ രജിസ്ട്രേഷന്‍ നടപടികളും ഓണ്‍ലൈന്‍ മുഖേന നടത്തുന്നതുമായി ബന്ധപ്പെട്ട് സര്‍ക്കാര്‍ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങള്‍ അറിയിക്കാമോ? | (എ) | രജിസ്ട്രേഷന്‍ നടപടികളുടെ ലളിതവത്ക്കരണവുമായി ബന്ധപ്പെട്ട് 12/09/2021 തീയതിയിലെ G.O(Rt)No.618/2021/Taxes നമ്പരായി സര്‍ക്കാര്‍ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ രീതിയായ ഇടതു പെരുവിരല്‍ തുമ്പില്‍ മഷിപുരട്ടി ആധാരത്തിന്റെ പുറത്തെഴുത്തിലും, തമ്പ് ഇംപ്രഷന്‍ രജിസ്റ്ററിലും വിരല്‍ പതിപ്പുകള്‍ പതിപ്പിക്കുന്നതിനു പകരമായി രജിസ്ട്രേഷനായി ആധാരം ഹാജരാക്കുന്ന കക്ഷികളുടെ വിരല്‍പ്പതിപ്പ് ഇലക്ട്രോണിക് ഉപകരണത്തിന്റെ സഹായത്താല്‍ കമ്പ്യൂട്ടറില്‍ രേഖപ്പെടുത്തിയശേഷം ആധാരത്തിലെ രജിസ്ട്രേഷന്‍ സര്‍ട്ടിഫിക്കറ്റിന്റെ ഭാഗമായുള്ള പുറത്തെഴുത്തില്‍ ഫോട്ടോയും വിരല്‍പ്പതിപ്പും പ്രിന്റ് ചെയ്ത് വരുന്ന രീതിയാണ് രജിസ്ട്രേഷന്‍ നടപടിയുടെ ഭാഗമായി നടപ്പിലാക്കുവാന്‍ ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷന്‍ ഓഫീസര്‍